ALL SAINTS PUBLIC SCHOOL

MID-TERM EXAMINATION (2024-25)

CLASS:IX    മലയാളം   MARKS -80

TIME:3hrs.

1.താഴെക്കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക (8x1-8)

കവിതാമാധുരി തിങ്ങിനിറഞ്ഞൊരു തറവാടാണീ മലയാളം തുഞ്ചൻ
പോറ്റിയ ശാരികയിന്നും കൊഞ്ചിക്കുഴയും മലയാളം കുഞ്ചൻ
പാടിയ തുള്ളൽ പാട്ടിൻ ശിഞ്ജിതമുയരും മലയാളം മഞ്ജുളമാകും
കൃഷ്ണപ്പാട്ടിൻ മഞ്ജരി പൊഴിയും മലയാളം പൂന്താനത്തിൻ
പാനയിലൂറിയ പൂന്തേൻ വഴിയും മലയാളം വഞ്ചിപ്പാട്ടിനെ
മഞ്ചലിലേറ്റിയ രാമപുരത്തിൻ മലയാളം ആശാനാശയ
ഗാംഭീര്യത്തിൻ തിരികൾ കൊളുത്തിയ മലയാളം ശബ്ദമനോഹര
ഗീതികൾ പാടിയ വള്ളത്തോളിൻ മലയാളം ഉല്ലേഖങ്ങൾ പാടിയ
സാക്ഷാൽ ഉള്ളൂർക്കവിയുടെ മലയാളം ഇന്നും ചങ്ങമ്പുഴയുടെ
രമണൻ മുരളികയൂതും മലയാളം പൊന്നോടക്കുഴൽ നമ്മൾക്കേകിയ
ജിയുടെ നാടാം മലയാളം കവിതാമാധുരി തിങ്ങിനിറഞ്ഞൊരു
തറവാടാണീ മലയാളം ..

ചോദ്യങ്ങൾ

a) മഞ്ജരീ വൃത്തത്തിൽ എഴുതിയിട്ടുള്ള കൃതി ഏത് ?

( തുള്ളൽപ്പാട്ട് . രമണൻ, കൃഷ്ണപ്പാട്ട് , കിളിപ്പാട്ട് )

b) ശബ്ദ മനോഹര ഗീതികൾ പാടിയ കവി ? (കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, ചങ്ങമ്പുഴ )

c) ഉള്ളൂരിന് നൽകുന്ന വിശേഷണം എന്ത് ?

( ഉല്ലേഖ ഗായകൻ, ആശയ ഗംഭീരൻ, ശബ്ദസുന്ദരൻ, തത്ത്വചിന്തകൻ )

d) മലയാളകവിതയിൽ ഇന്നും കേൾക്കുന്ന മുരളീനാദം ആരുടെ ?

( ജി .ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, വള്ളത്തോൾ, ആശാൻ )

e) പൂന്തേൻ വഴിയുന്ന പാന രചിച്ച കവി ?

( എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, പൂന്താനം, ചെറുശ്ശേരി )

f) മലയാളത്തിൽ ശിഞ്ജിതമുയർത്തിയ പാട്ട് ഏത് ?

( കൃഷ്ണപ്പാട്ട്, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്, തുള്ളൽപ്പാട്ട് )

g) ആശയ ഗംഭീരൻ ആര് ?

( ഉള്ളൂർ, ജി. ശങ്കരക്കുറുപ്പ്, ആശാൻ, വള്ളത്തോൾ )

h) ജി. ശങ്കരക്കുറുപ്പിൻ്റെ കവിത ഏത് ?

( രമണൻ, കൃഷ്ണഗാഥ, ഓടക്കുഴൽ, ഉമാകേരളം )

i)വഞ്ചിപ്പാട്ടിനെ മഞ്ചലിൽ ഏറ്റിയ കവി?

( എഴുത്തച്ഛൻ, ചെറുശ്ശേരി, പൂന്താനം, രാമപുരത്ത് വാര്യർ )

j) ആരാണ് കൊഞ്ചിക്കുഴയുന്നത് ?

( മലയാള തറവാട്, ശാരിക, പൂന്തേൻ, മുരളിക).

II. താഴെക്കൊടുത്തിരിക്കുന്ന പദ്യ ഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം എഴുതുക ?

വെള്ളണിത്തോപ്പിലെ പായൽ കുളങ്ങളിൽ മിന്നൽ പുതു മീൻ
പുളച്ചു ചാടി ഊഴിക്കും വാനിനും മധ്യത്തിൽ, കാർനിര നൂലിഴ
പൊട്ടാതെ പാവുകെട്ടി നിലമായി നീറിക്കിടന്ന നെൽപ്പാടങ്ങൾ
കാലം പകർന്നുട, നാളു മാറി; മേളം മുറുക്കി കടല ചാർത്തുകൾ
പീലിവിരുത്തി നൽപട്ടുമലകൾ ആടി വയലും പറമ്പും;
പൊന്നാറുകൾ ആനന്ദം കേരളമെന്നു പാടി.

ചോദ്യങ്ങൾ ( 7×1=7)

1 പുതു മീൻ പുളച്ചു ചാടിയതെവിടെ ?

(കടലിൽ, നെൽപ്പാടങ്ങളിൽ, പായൽ കുളങ്ങളിൽ )

2. പാവുകെട്ടിയതാര്? (ഊഴി, കാർനിര, വാനം)

3. ആരാണ് മേളം മുറുക്കിയത് ?

(പൊന്നാറുകൾ, കടലല, കാർനിര)

4. ആനന്ദം കേരളമെന്നു പാടിയതാര്? (കാർനിര, കടലല, പൊന്നാറുകൾ)

5. നെൽപ്പാടങ്ങൾ എങ്ങനെയാണ് കിടന്നിരുന്നത് ?

(നിലമായി, നൂലിഴ പൊട്ടാതെ, പീലി വിരുത്തി)

6. നീറിക്കിടന്നതാര്?

(കാർനിര, നെൽപ്പാടങ്ങൾ, മലകൾ)

7. പീലി വിടർത്തിയതാര്? (പട്ടു മലകൾ, പൊന്നാറുകൾ, നെൽപ്പാടങ്ങൾ)

3. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക( 7×1=7)

(i) 'പകൽ' എന്ന വാക്കിന്റെ പര്യായപദങ്ങൾ ഏതെല്ലാം?

( അഹസ്സ്, ദിനം, വാസരം, ദിവസം)

(ii) 'അഭിജാതൻ' എന്ന വാക്കിന്റെ എതിർലിംഗം ഏതാണ്?

( അഭിജാതി, അഭിജാതിനി, അഭിജാത,അനഭിജാതി )

(iii) 'വ്യാളം' എന്ന വാക്കിന്റെ അർത്ഥം എന്ത്?

( കഴുകൻ, വ്യാളി, പാമ്പ് നീരാളി )

(iv) ക്ഷണം-ക്ഷണനം ഈ വാക്കുകളുടെ അർത്ഥവ്യത്യാസം ഏതാണ്?

( വിളിക്കുക - പറയുക, അൽപനേരം-വധം. പെട്ടെന്ന്= പതുക്കെ, അൽപ നേരം- വിധി)

(v) തീക്കോൽ' എന്ന വാക്കിന്റെ വിഗ്രഹാർത്ഥം ഏതാണ്?

( *തീയുടെ* കോൽ, തീ ഉണ്ടാക്കാനുള്ള കോൽ, തീ ഉണ്ടാക്കുന്ന കോൽ, തീയും കോലും)

(vi) 'തണ്ട്' എന്ന വാക്കിന്റെ നാനാർത്ഥം ഏതാണ്?

( ദിവസം, നക്ഷത്രം, അഹങ്കാരം, മേഘം)

(vii)'വിശ്വസിക്കാനാവാത്തത്' എന്ന പദത്തിന്റെ ഒറ്റപദം ഏത്?

( വിശ്വസനീയം, അവിശ്വസനീയം, ആശ്വാസം, വിശ്വാസം)

(viii) 'കണ്ണീർ' എന്ന വാക്ക്  പിരിച്ചെഴുതുന്നത് എങ്ങനെ?

(കണ്ണ് +നീർ, കണ്ണു +നീർ,കൺ +നീർ, കണ്ണി +ർ )

(ix) 'സൃഷ്ടി' എന്ന വാക്കിന്റെ വിപരീതം ഏതാണ്?

( സൃഷ്ടാവ്, സംഹാരം, സമ്മോഹനം, സമാധാനം)

(x) താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ ശരിയേത്?

( ആഢംബരം, ആദംബരം ആടംബരം, ആദംഭരം )

4 തന്നിരിക്കുന്നതിൽ നിന്ന് ഒൻപത് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക (9×2=18)

(a)1. അതായിരിക്കാം പൊരുളാ പ്രവർത്തി –

ക്കജൻ ഹിതം മർത്യനറിഞ്ഞു ചെയ്യുവോർ "- ഏതു കവിതയിലെ വരികളാണ് ഇവ?

( അതേപ്രാർത്ഥന,

വിശ്വം ദീപമയം,കാളകൾ.

അമ്പാടിയിലേക്ക്)

ii) മനുഷ്യന്റെ ഹിതം അറിഞ്ഞു പ്രവർത്തിക്കുന്നവനാര്?

( സൂര്യൻ, ഉഷസ്, നിശ ദൈവം )

b. ജീവിതം കയറ്റിയൊരു ഉൾക്കട ഭാരം തിങ്ങു –

മാ വണ്ടി വലിക്കയാണീ സാധുനാളിൽ നാളിൽ - ഈ വരികളിൽ സാധു?

എന്ന് ആരെ കുറിച്ചാണ് പറയുന്നത്?

i) ( കാള, കൃഷിക്കാരൻ, കാളവണ്ടിക്കാരൻ, യാത്രക്കാർ)

ii) വണ്ടിക്കാരന്റെ കണ്ണുകൾ എങ്ങനെയു ള്ളതായിരുന്നു?

( നിർജീവം, നിർനിമേഷം, നിശ്ചലം നിർജ്ജലം)

(c) 1."-ഇരുട്ടു തൽക്കാലമകറ്റി യീശൻ "- എന്തു ഉപയോഗിച്ചാണ് ഈശ്വരൻ ഇരുട്ട് അകറ്റുന്നത്?

( ഉഡുപംക്തിയെ കൊണ്ട്, മിന്നാമിനുങ്ങിനെ കൊണ്ട്, ചന്ദ്രനെ കൊണ്ട്, വിളക്കുകൊണ്ട്)

(ii) ദീപ പ്രഭ കൂടുതൽ വേണ്ടത് എന്തിന്?

( ഉറങ്ങുന്നതിന്, നന്മ ചെയ്യുന്നതിന്, വിശ്രമിക്കുന്നതിന്, ജോലി ചെയ്യുന്നതിന്)

(d) 1)'ഉജ്ജ്വല ശബ്ദാഢ്യൻ' എന്ന് വിശേഷിപ്പിക്കുന്നതാരെ?

( ഉള്ളൂർ, ആശാൻ, വള്ളത്തോൾ, ചങ്ങമ്പുഴ )

ii) വപുസ്സിനുത്ഥാനം ഉഷസ്സിലേകാൻ വരേണ്ടത് എന്ത്?

(നിഷ,സൂര്യൻ,പകൽ,രാത്രി)

e)i) മറ്റൊരു വണ്ടിക്കാള എന്ന് കവി വിശേഷിപ്പിച്ചിരിക്കുന്നത് ആരെ?

(വണ്ടിക്കാരനെ,കൃഷിക്കാരനെ,നാലാളുകളെ,കാളയെ)

ii)അന്തിയിൽ വിഷക്കാവിൽ വെളിച്ചം അകറ്റാനായി ദുർമന്ത്രവാദം ചെയ്യുന്നതാര്?

(ദുർമന്ത്രവാദികൾ,മൂങ്ങകൾ കന്യകമാർ,നായ്ക്കൾ)

f)i) വിക്ടോറിയ വെള്ളച്ചാട്ടത്തിൽ ഡേവിഡ് ലിവിങ്സ്റ്റൺ കണ്ണു പതിപ്പിച്ചതെന്ന്?

(1855 നവംബർ 16,1885 നവംബർ14,1855 നവംബർ14, 1885 നവംബർ 16)

ii) സക്കറിയയുടെ ഏത് നോവലിനെ അടിസ്ഥാനമാക്കിയാണ് അടൂർ ഗോപാലകൃഷ്ണൻ വിധേയൻ എന്ന ചിത്രം സംവിധാനം ചെയ്തത്?

( ആർക്കറിയാം, ഭാസ്കര പട്ടേലും എന്റെ ജീവിതവും, കണ്ണാടി കാണുവോളം, ഇഷ്ടികയും ആശാരിയും )

g)i) അങ്ങ് ഒരു മഹാത്മാവ്, ഞാനൊരു പാവപ്പെട്ട ഭക്തൻ, ഞാൻ ഒരിക്കലും അനുസരണക്കേട് കാണിക്കുന്നില്ല-

i) ഇത് ആരുടെ വാക്കുകൾ?

(വെയിറ്റർ, രാംഗോപാൽ മിശ്ര, സ്റ്റേഷൻ മാസ്റ്റർ, കർത്താർ സിങ്)

ii) യതി തീവണ്ടിയിൽ നിന്നും പുറത്തിറങ്ങിയത് എന്തിന്?

( ഊണ് കഴിക്കാൻ, സ്റ്റേഷൻ മാസ്റ്ററിനെ കാണാൻ, പുസ്തകം വാങ്ങിക്കാൻ, ടാക്സി പിടിക്കാൻ )

h)i) ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു, മറന്നു കളഞ്ഞു – ഇങ്ങനെ പറഞ്ഞതാര്?

( എസ് കെ പൊറ്റക്കാട്, സക്കറിയ, എം എൻ വിജയൻ, നിത്യ ചൈതന്യ യതി )

ii) ഇങ്ങനെ പറഞ്ഞ സന്ദർഭം ഏത്?

( ആഫ്രിക്കയിൽ എത്തിയപ്പോൾ, നദിയിൽ കുളിക്കാൻ ഇറങ്ങിയപ്പോൾ, വെള്ളച്ചാട്ടം കണ്ടപ്പോൾ, മൈക്കിളിനോട് സംസാരിച്ചപ്പോൾ)

I)i)" ആപത്തിൽ അന്യോന്യം തുണയ്ക്കാനായി ദൈവം മനുഷ്യന് കൊടുത്തിരിക്കുന്നു " –

എന്താണ് ദൈവം മനുഷ്യന് കൊടുത്തിരിക്കുന്നത്?

( സന്തോഷം, വിവേകം, ബുദ്ധി, മനസ്സ്)

ii) ഈ വാക്യം പറഞ്ഞതാര്?

(കർത്താർ സിംഗ്, സ്റ്റേഷൻ മാസ്റ്റർ, നിത്യചൈതന്യ യതി,രണ്ടാമത്തെ ടാക്സി ഡ്രൈവർ)

J)i)"എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്ക് പിടി തരുന്നില്ല"- ആരാണ് ഈ വാക്യം പറഞ്ഞത്?

( യതി, സ്റ്റേഷൻ മാസ്റ്റർ, കാൻ ന്റ്,എസ് കെ പൊറ്റക്കാട്)

ii) ഈ വാക്യം ഉൾപ്പെട്ട കൃതിയുടെ രചയിതാവ് ആര്?

യതി, പോൾ സക്കറിയ, കത്താർ സിംഗ്, എം മുകുന്ദൻ)

ബി വിഭാഗം

5(a) അംഗവാക്യം അംഗി വാക്യം എന്നിവ വേർതിരിച്ച് എഴുതുക (2×1=2)

1) കിഴക്കൻ ആഫ്രിക്കയുടെ അന്തർഭാഗങ്ങളിൽ ആദ്യമായി പതിഞ്ഞ വെള്ളക്കാരന്റെ കാലടികൾ അദ്ദേഹത്തിന്റെതായിരുന്നു.

2) വാരണാസിയിൽ എത്തുന്നതിനു മുമ്പുള്ള സ്റ്റേഷനിൽ വച്ച് ഒരു വെയിറ്റർ ഊണ് കൊണ്ടുവന്നു.

b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക (2×1=2)

i) അതുകേട്ടിട്ട് സ്റ്റേഷൻ മാസ്റ്റർ പരിഹാസത്തോടെ കളിയാക്കി പറഞ്ഞു.

ii) തിരശ്ചീനമായി പ്രവഹിച്ച നദി നെടുകെ ലംബമായി തീരുന്നു.

c)പ്രയോഗം മാറ്റുക.(2)

1) കർത്താർ സിംഗ് എന്ന ഡ്രൈവറെ ഞാൻ ഉത്തമ സുഹൃത്താക്കി.

2)കാന്റിന്റെ പ്രധാനപ്പെട്ട ഒരു ആശയം യതി ഓർമ്മിച്ചു പറഞ്ഞു.

d) ഏതെങ്കിലും രണ്ടെണ്ണം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.(2)

1) ഇച്ഛാശക്തി 2) അസഹനീയം 3) പ്രേരണ

6)A)താഴെക്കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക.(5)

a) ലഹരി ഉപയോഗവും യുവതലമുറയും

അല്ലെങ്കിൽ

b) സാമൂഹിക മാധ്യമങ്ങളും വിദ്യാർത്ഥികളും

B) ആവശ്യസാധനങ്ങളുടെ വിലവർധനവ് നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക (1×5=5)

C) വർദ്ധിച്ചുവരുന്ന വന്യമൃഗങ്ങളുടെ ശല്യം ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഈ പ്രശ്നത്തെ പരാമർശിച്ചുകൊണ്ട് ഒരു പത്രവാർത്ത തയ്യാറാക്കുക. (1×4=4)

7) തന്നിരിക്കുന്നവയിൽ ഏതേലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക. (2×3=6)

a) സത്യസന്ധതയുടെയും മനുഷ്യ സ്നേഹത്തിന്റെയും മാതൃകകളാണ് കർത്താവ് സിംങും രാം ഗോപാൽ മിശ്രയും. വിവരിക്കുക.?

b) വെള്ളച്ചാട്ടം വായുവിൽ തങ്ങിനിൽക്കുന്ന മരീചികയല്ല എന്ന് മനസ്സിലാക്കുന്നത് എപ്പോഴാണ്?

c)" പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായി പോയി എന്നാണ് " ഇങ്ങനെ തോന്നാൻ കാരണമെന്ത്?

8) തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (2×3=6)

a) പ്രഭാതം മുതൽ രാത്രി വരെ നീളുന്ന വണ്ടിക്കാരന്റെ അധ്വാന തീവ്രതയെ ധ്വനിപ്പിക്കാൻ കവി സ്വീകരിച്ചിട്ടുള്ള തന്ത്രം എന്ത്?

വിശദീകരിക്കുക.

b) വിളക്ക് കത്തിപ്പതിനന്തിയായാൽ

മിന്നാമിനുങ്ങും ത്വരയാർന്നിരിക്കെ,

ദീനത്വമെന്തിനു നമുക്ക് മാത്രം

തീക്കോലുരയ്ക്കാൻ തിരിയിൽ കൊളുത്താൻ

ഈ വരികളിലൂടെ കവി നൽകുന്ന സന്ദേശം എന്ത്?

c) കാള വണ്ടിക്കാരനെ 'വണ്ടിക്കാള' എന്ന് പറയുന്നതിന്റെ ഔചിത്യം എന്ത്? വിശദീകരിക്കുക?

9) തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക(2×3=6)

a) മനുഷ്യർ തുല്യരാണ് എന്ന ബോധം ചെറുപ്പത്തിൽ തന്നെ നരേന്ദ്രനിൽ രൂഢമൂലം ആയിരുന്നു.

ഇങ്ങനെ പറയാൻ കാരണമെന്ത്?

b) വിദ്യാർത്ഥിയായ നരേന്ദ്രന്റെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു?

c) നരേന്ദ്രനിൽ ഒളിഞ്ഞു കിടന്നിരുന്ന സന്യാസിയുടെ വ്യക്തിത്വം ആദ്യമായി മറനീക്കിയത് എങ്ങനെയായിരുന്നു?